പത്രക്കുറിപ്പ്
27-01-2 018

## ജില്ലാതല ബഡ്സ് ഫെസ്റ്റുകൾക്ക് സമാപനം, സംസ്ഥാനതല കലാമേള അടുത്ത മാസം

തിരുവനന്തപുരം- കുടുംബശ്രീയുടെ ബഡ്സ് സ്കൂളുകളിലെ മാനസിക, ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വേണ്ടി ജില്ലകൾ തോറും സംഘടിപ്പിച്ചുവന്ന ബഡ്സ് ഫെസ്റ്റിവലുകൾക്ക് പരി സമാപ്തി. ഓരോ ജില്ലകളിലും മികച്ച പ്രകടനം കാഴ്ചവച്ചെത്തുന്ന കുരുന്നുകൾ അടുത്ത മാസം നട ക്കുന്ന സംസ്ഥാനതല കലോത്സവത്തിൽ മാറ്റുരയ്ക്കും. ഫെബ്രുവരി 12, 13 തിയതികളിലായി കോഴിക്കോട് വച്ച് സംസ്ഥാനതല കലാമത്സരങ്ങൾ നടത്തും. കോഴിക്കോട് ജെ.ഡി.റ്റി ഇസ്ലാം ഓർഫനേജ് ആണ് വേദി. ജില്ലാതല മത്സരങ്ങളിൽ വിജയിച്ച 147 ആൺകുട്ടികൾക്കും 119 പെൺകുട്ടികൾക്കുമാണ് സംസ്ഥാനതല കലോത്സ വത്തിൽ പങ്കെടുക്കാൻ അവസരം കിട്ടിയിരിക്കുന്നത്. ഏകാംഗനൃത്തം, ലളിതഗാനം, പ്രച്ഛന്ന വേഷം, മിമിക്രി, മോണോ ആക്ട്, സിനിമാഗാനം, പദ്യപരായാണം, ഉപകരണ സംഗീതം, പെയിന്റിങ് (ക്രയോൺസ്), പെൻസിൽ ഡ്രോയിങ്, സംഘനൃത്തം, അഭിനയ ഗാനം എന്നീ ഇനങ്ങളിൽ സംസ്ഥാനതല ത്തിൽ മത്സരങ്ങൾ നടക്കും.

2017 മുതലാണ് ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് വേണ്ടി കുടുംബശ്രീ ബഡ്സ് ഫെസ്റ്റിവലുകൾ ആരംഭിച്ചത്. ആദ്യ സംസ്ഥാനതല ബഡ്സ് ഫെസ്റ്റ് 2017 ഫെബ്രുവരിയിൽ തിരുവനന്തപുരത്ത് സംഘ ടിപ്പിച്ചു. അന്ന് 64 ബഡ്സ് സ്കൂളുകളിൽ നിന്ന് 134 കുട്ടികളാണ് സംസ്ഥാനതല മത്സരങ്ങളിൽ മാറ്റുര ച്ചത്.

വൈകല്യങ്ങളുള്ള എല്ലാ വ്യക്തികളും അമൂല്യമായ മാനുഷിക വിഭവശേഷി തന്നെയാണെന്നും അവർക്കെല്ലാം തുല്യ അവസരങ്ങളും പ്രത്യേക അവകാശങ്ങളും ഉറപ്പുവരുത്തേണ്ടത് രാഷ്ട്രത്തിന്റെ കടമയാണെന്നും 2002-ലെ ദേശീയ വികലാംഗ നയത്തിൽ പറഞ്ഞിരിക്കുന്നു. ഇതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കുടുംബശ്രീ ബഡ്സ് സ്കൂളുകൾക്ക് തുടക്കമിടുകയായിരുന്നു. തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ പഞ്ചായത്തിലാണ് ഇത്തരത്തിലുള്ള ആദ്യ സ്കൂൾ പ്രവർത്തനം 2004-ൽ ആരംഭിച്ചത്. ഇപ്പോൾ 64 ബഡ്സ് സ്കൂളുകളും 87 ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകളിലുമായി (18 വയസ്സിന് മുകളിൽ പ്രായമുള്ള മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വേണ്ടി) ആകെ 5119 കുട്ടികൾ കേരളത്തിലുണ്ട്. ഇത് കൂടാതെ 200 ബഡ്സ് സ്ഥാപനങ്ങൾ കൂടി തുടങ്ങാൻ കുടുംബശ്രീയ്ക്ക് സംസ്ഥാന സർക്കാർ അനുമതി നൽകിയിരുന്നു.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**